പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1242 12.07.2016 ൽ മറുപടിക്ക്

## സംസ്ഥാനത്തെ ജല ഗതാഗത വികസന സാധ്യതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ**<br>**,, എം. രാജഗോപാലൻ**<br>**ശ്രീമതി യു. പ്രതിഭാ ഹരി**<br>**ശ്രീ. കെ. ദാസൻ** | | **ശ്രീ. എ.കെ.ശശീന്ദ്രൻ**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജല ഗതാഗത വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റി ആധുനിക ബോട്ടുകൾ വാങ്ങുന്നതിനും, കൂടുതൽ ബോട്ടുകൾ ഒരേ സമയം റിപ്പയർ ചെയ്യുന്നതിനും ടൂറിസം മേഖലയിലെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി പുതിയ ഡ്രൈഡോക്ക്, സ്ലിപ്പ് വേ എന്നിവ പ്രയോജനപ്പെടുത്തിവരുന്നു. അത്യാധുനിക ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബോട്ടുകളിൽ കേരള ഇൻലാന്റ് വെസ്സൽസ് റൂൾസ് 2010 ൽ അനുശാസിക്കുന്ന എല്ലാ സുരക്ഷാ ഉപകരണങ്ങളും വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | ജല ഗതാഗത മേഖല സാധ്യതക്കനുസരിച്ച് വികസിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ; | (ബി) | ജലഗതാഗത മേഖലയിലെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ – കൊല്ലം, |

| | | | |
|---|---|---|---|
| | | | കൊല്ലം – ആലപ്പുഴ എന്നീ ബോട്ടു സർവ്വീസുകൾ നടത്തിവരുന്നു. കൂടാതെ വൈക്കം – എറണാകുളം, കോട്ടയം – കുമരകം എന്നിങ്ങനെ രണ്ട് സർവ്വീസുകൾ പുതുതായി ആരംഭിക്കുന്നതിന് ബോട്ട് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ത്യയിൽ തന്നെ ആദ്യമായി സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഒരു ബോട്ടിന്റെ നിർമ്മാണവും പൂർത്തീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തെ ജല ഗതാഗതത്തിന്റെ വേഗത വർദ്ധിപ്പിച്ച് കൂടുതൽ യാത്രക്കാരേയും ചരക്ക് കടത്തും ആകർഷിച്ച് റോഡുകളിലെ വാഹനത്തിരക്ക് കുറയ്ക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോയെന്നു വ്യക്തമാക്കുമോ? | (സി) | നിലവിൽ ഉപയോഗിക്കുന്നവയേക്കാൾ നൂതനസാങ്കേതികവിദ്യയും, ആധുനിക സൗകര്യങ്ങളും ഉള്ള ബോട്ടുകൾ ജലഗതാഗതത്തിനായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു. ആലപ്പുഴ – കുമരകം, വൈക്കം – എറണാകുളം എന്നീ പുതിയ റൂട്ടുകളിലേക്കായി വേഗത കൂടിയ ബോട്ടുകളാണ് പരിഗണനയിലുള്ളത്. നിലവിൽ 6 പാസഞ്ചർ കം വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസ് നടത്തിവരുന്നു. എട്ട് ബൈക്കുകൾ കയറ്റാവുന്ന ടി ബോട്ടുകൾ പൊതു ഗതാഗതരംഗത്ത് റോഡിലെ വാഹനത്തിരക്ക് കുറയ്ക്കുവാൻ സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ